**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2011-12 ലെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കൽ - മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

സ.ഉ(സാധാ) നം. 721/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 21/3/2013.

================================================================

പരാമർശം:- 3/3/12 -ലെ സ.ഉ (സാധാ) 664/2012/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

2011-12 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.)

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.എസ്.സെന്തിൽ**
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
മെമ്പർ, ഡീസെന്ട്രലൈസ്ഡ് പ്ലാനിംഗ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# I ഗ്രാമപഞ്ചായത്ത്

എ) മികച്ച ഗ്രാമപഞ്ചായത്തുകളുടെ തെരെഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ ഉണ്ടാകേണ്ടതാണ്

1) 4 ഗ്രാമസഭകൾ കൂടിയിരിക്കണം
2) വികസന ഫണ്ടിന്റെ 70% ചെലവഴിച്ചിരിക്കണം (ജനറൽ/എസ്.സി.പി/റ്റി.എസ്.പി എന്നീ എല്ലാ ഇനങ്ങളിലും) തദ്ദേശ സ്വയം ഭരണവകുപ്പ് സ്ഥാപനത്തിന്റേതല്ലാത്ത കാരണങ്ങളാൽ ഫണ്ട് ചെലവഴിക്കാൻ കഴിയുന്നില്ലെങ്കിൽ അക്കാര്യം തെളിയിക്കേണ്ട ബാദ്ധ്യത അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും.
3) 2011-12 സാമ്പത്തിക വർഷം നികുതി പിരിവ് 80% പൂർത്തീകരിച്ചിരിക്കണം
4) 2011-12 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ്. സമർപ്പിച്ചിരിക്കണം
5) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 70% ചെലവഴിച്ചിരിക്കണം
6) 2011-12 വർഷത്തെ മികച്ച ഗ്രാമപഞ്ചായത്തുകളുടെ തെരെഞ്ഞെടുപ്പിന് ആശ്രയ പദ്ധതി നടപ്പിലാക്കിയിരിക്കണം
7) നിർമ്മൽ പുരസ്കാരം കിട്ടിയിരിക്കണം, അല്ലെങ്കിൽ അപേക്ഷ സമർപ്പിച്ചിരിക്കണം
8) 2011-12 വർഷത്തെ മികച്ച ഗ്രാമപഞ്ചായത്തുകളുടെ തെരെഞ്ഞെടുപ്പിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയിരിക്കണം

**ബി) അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി താഴെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി മാർക്ക് നൽകേണ്ടതാണ്.**

**ഗ്രാമസഭ ( 5 മാർക്ക്)**

(I) ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

| | | |
|---|---|---|
| മൊത്തം വോട്ടർമാരുടെ 10% മുതൽ 15% വരെ | - | 1 മാർക്ക് |
| 16% മുതൽ 20% വരെ | - | 2 മാർക്ക് |
| 21% മുതൽ 25% വരെ | - | 3 മാർക്ക് |
| 25% മുതൽ മുകളിൽ | - | 5 മാർക്ക് |

## (II) പഞ്ചായത്ത് കമ്മിറ്റി (5 മാർക്ക്)

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2011-12 സാമ്പത്തിക വർഷത്തെ 12 യോഗങ്ങളിൽ കൂടുതലായി ചേർന്നിട്ടുള്ള ഓരോ യോഗത്തിനും ഒരു മാർക്കുവീതം പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

## (III) സ്റ്റാന്റിംഗ് കമ്മിറ്റി ( 5 മാർക്ക്)

ധനകാര്യ/വികസന/ക്ഷേമകാര്യ/ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശരാശരി യോഗങ്ങളുടെ എണ്ണം കണക്കാക്കിയതിനുശേഷം 12-ൽ കൂടുതലുള്ള ഓരോ യോഗത്തിനും 1 മാർക്ക് വീതം പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

## (IV) കുടുംബശ്രീ (15 മാർക്ക്)

കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ആശ്രയ, ത്രിഫ്റ്റ് സ്കീം എന്നിവയുടെ അടിസ്ഥാനത്തിൽ പരമാവധി 15 മാർക്ക് നൽകാവുന്നതാണ്.

കുടുംബശ്രീ പ്രവർത്തനങ്ങൾ കവറേജ് പ്രാദേശിക സാമ്പത്തിക വികസനത്തിനായി ആരംഭിച്ചിട്ടുള്ള സൂക്ഷ്മ തൊഴിൽ , സംരംഭങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ നൽകുന്ന സാമ്പത്തിക സഹായം, സംഘകൃഷി (ജെ.എൽ.ജി) പദ്ധതി സംയോജനം, വിലയിരുത്തൽ, സമിതി പ്രവർത്തനങ്ങൾ എന്നിവ കൂടി അപേക്ഷ ഫാറത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. ആശ്രയ പദ്ധതിയിൽ വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം

| | | | | | |
|---|---|---|---|---|---|
| 100% | - 90% | - | 2 | മാർക്ക് |
| 89% | - 70% | - | 1 | ,, |
| 69% | - 50% | - | 1/2 | ,, |

2. ആശ്രയ പദ്ധതിയിൽ എസ്.സി/എസ്ടി വിഭാഗങ്ങളുടെ പദ്ധതികൾക്കായുള്ള ചെലവ് ശതമാനം

100% - 90% - 2 മാർക്ക്
89% - 70% - 1 ,,
69% - 50% - 1/2 ,,

3. അതിജീവന ആവശ്യങ്ങളായ ഭകഷണം, ചികിത്സ, വിദ്യാഭ്യാസം എന്നിവയ്ക്ക് ചെലവഴിച്ച തുക ശതമാനം

100% - 90% - 2 മാർക്ക്
89% - 70% - 1 ,,
69% - 50% - 1/2 ,,

4. പ്രത്യേക പദ്ധതികൾ (ബഡ്സ് സ്കൂൾ) നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ - 1 മാർക്ക്

## V വികേന്ദ്രീകൃതാസൂത്രണം (15 മാർക്ക്)

1 പദ്ധതി വിഹിതം 80% വരെ ചെലവാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് മാർക്ക് നൽകേണ്ടതില്ല. 81% - 90% 1/4 മാർക്ക് വീതം പരമാവധി 2 1/2 മാർക്ക്
91 % - 95% ഓരോ ശതമാനത്തിനും 1/2 മാർക്ക് വീതം പരമാവധി 2 1/2 മാർക്ക്
96% - 99% ഓരോ ശതമാനത്തിനും 1 മാർക്ക് വിതം പരമാവധി 4 മാർക്ക്
100% ചെലവഴിച്ചിട്ടുണ്ടെങ്കിൽ 10 മാർക്ക്.

2 പദ്ധതി വിഹിതത്തിന് ആനുപാതികമായി തനതു ഫണ്ട് 10% വരെ ചെലവാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് 1/2 മാർക്കും 10% ത്തിനു മുകളിൽ ചെലവു വരുത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് 1 മാർക്കും നൽകേണ്ടതാണ്.

3 പദ്ധതി തുകയുടെ ജനറൽ വിഭാഗത്തിന്റെ 5% വരെ ഗുണഭോക്തൃ വിഹിതമായി ലഭ്യമാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് 1/2 മാർക്കും 5 നു മുകളിൽ 1 മാർക്കും നൽകേണ്ടതാണ്.

4 ഉൽപാദനമേഖലയിലെ ചെലവ് 41% മുതൽ 45% വരെയാണെങ്കിൽ 1/2 മാർക്കും 45 നു മുകളിൽ 1 മാർക്കും നൽകേണ്ടതാണ്.

5 വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക 10% മുതൽ 12% വരെയാണെങ്കിൽ 1/2 മാർക്കും 12% നു മുകളിൽ 1 മാർക്കും നൽകേണ്ടതാണ്.

6 വൃദ്ധർ, വികലാംഗർ, ശിശുക്കൾ എന്നിവരുടെ ക്ഷേമത്തിന് ചെലവാക്കിയ തുക 5% മുതൽ 7% വരെയാണെങ്കിൽ 1/2 മാർക്കും 7% മുകളിൽ 1 മാർക്കും നൽകേണ്ടതാണ്.

## VI സാമൂഹ്യസുരക്ഷിതത്വ പെൻഷൻ ( 5 മാർക്ക്)

1. സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾക്ക് ലഭിച്ച മുഴുവൻ അലോട്ട്മെന്റുകളും സമയബന്ധിതമായി വിതരണം ചെയ്ത് 91% മുതൽ 99% വരെ ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് 1 മാർക്കും 100%-ത്തിന് 2 മാർക്കും നൽകേണ്ടതാണ്.
2. വിവിധ സാമൂഹ്യ പെൻഷനുകൾക്കുവേണ്ടി ലഭിച്ച അപേക്ഷകളിൻമേൽ സമയ ബന്ധിതമായി നടപടി പൂർത്തിയാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് 81% മുതൽ 100% വരെയുള്ള തീർപ്പാക്കലിന് ഓരോ 10%-നും ഓരോ മാർക്ക് വീതം എന്ന ക്രമത്തിൽ പരമാവധി 3 മാർക്ക് നൽകേണ്ടതാണ്.

## VII തനതുഫണ്ട് (5 മാർക്ക്)

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാന വർദ്ധനവ് മുൻ വർഷത്തേക്കാൾ 5% കൂടുതലാണെങ്കിൽ 1 മാർക്കും 10% വരെ 2 മാർക്കും, 15% വരെ 3 മാർക്കും, 20-% വരെ 4 മാർക്കും, 20% നു മുകളിൽ പരമാവധി 5 മാർക്കും നൽകേണ്ടതാണ്.

## VIII നികുതി പിരിവ് (10 മാർക്ക്)

നികുതി പിരിവ് മുൻവർഷത്തെ കുടിശ്ശിക ഉൾപ്പെടെയുള്ള തുകയുടെ 96% മുതൽ 100% വരെ ഓരോ ശതമാനത്തിനും 2 മാർക്കുവീതം പരമാവധി 10 മാർക്ക് നൽകേണ്ടതാണ്.

## IX മെയിന്റനൻസ് ഫണ്ട് (5 മാർക്ക്)

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്സ്) ചെലവിന് താഴെ പറയും പ്രകാരം മാർക്ക് നൽകേണ്ടതാണ്.

80%-85%=1 മാർക്ക്

86%-90%=2 മാർക്ക്

91%-95%=3 മാർക്ക്

96%-99%=4 മാർക്ക്

100% =5 മാർക്ക്

## X ശുചിത്വം (10 മാർക്ക്)

1) നിർമ്മൽ പുരസ്കാരത്തിനു ലഭിച്ച ഫണ്ട് വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ

70%-80%=1 മാർക്ക്

80%-90%=2 മാർക്ക്

90%-100%=3 മാർക്ക്

2) ഖരമാലിന്യ സംസ്കരണത്തിന് മാർക്കറ്റ്, പൊതുജനാരോഗ്യ കേന്ദ്രം, സ്കൂളുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ മാലിന്യസംസ്കരണപ്ലാന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 3 മാർക്ക് നൽകേണ്ടതാണ്.

3) മാർക്കറ്റ്/പൊതുസ്ഥലങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2 മാർക്ക്

4) പൊതുജനാരോഗ്യപ്രവർത്തനങ്ങൾ (കൊതുകുനിവാരണം, മെഡിക്കൽ ക്യാമ്പുകൾ, പകർച്ചവ്യാധി നിയന്ത്രണ മാർഗ്ഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ) 2 മാർക്ക്

## XI നൂതന പദ്ധതി (2 മാർക്ക്)

2011-12 വർഷത്തിൽ നൂതന പദ്ധതികൾ ആവഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് 2 മാർക്ക് നൽകേണ്ടതാണ് (മുൻവർഷങ്ങളിൽ അവാർഡിന് സമർപ്പിച്ചവ ഒഴികെ)

## XII ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (5 മാർക്ക്)

ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നിർവ്വഹണത്തിലെ പ്രവർത്തന മികവ് പരിഗണിച്ച് പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

## XIII ഫ്രണ്ട് ആഫീസ് (5 മാർക്ക)

മികച്ച ഫ്രണ്ട് ആഫീസ് ഏർപ്പെടുത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

1. ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്.
2. പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ 1 മാർക്ക്.
3. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ഉദ്യോഗസ്ഥരുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ 1 മാർക്ക്.
4. പൊതുജനങ്ങൾക്ക് ഇരിപ്പിടം, ടെലിവിഷൻ, കുടിവെള്ള സംവിധാനം, ടോയ്ലെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്.
5. ഫ്രണ്ട് ആഫീസ് സംവിധാനം കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിൽ 1 മാർക്ക്.

## XIV കമ്പ്യൂട്ടൽവൽക്കരണം - (5 മാർക്ക്)

മികച്ച കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തിയ ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

1. സമ്പൂർണ്ണകമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 2 മാർക്ക്
2. സാംഖ്യ, സൂചിക സോഫ്റ്റ് വെയറുകൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്.
3. ജനന സർട്ടിഫിക്കറ്റ്, വിവാഹസർട്ടിഫിക്കറ്റ് നൽകുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്.
4. 1970-നുശേഷമുള്ള ജനന മരണങ്ങൾ കമ്പ്യൂട്ടർരേഖയാക്കിമാറ്റിയിട്ടുണ്ടെങ്കിൽ 1 മാർക്ക്.

**XV പൊതുവിഷയങ്ങൾ ( 3 മാർക്ക്)**

1. പൊതുശ്മശാനം സ്ഥാപിക്കൽ 1 മാർക്ക്.
2. പാലിയേറ്റീവ് കെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ 1 മാർക്ക്.
3. അറവുശാല നിർമ്മിച്ചിട്ടുണ്ടെങ്കിൽ 1 മാർക്ക്

# II ബ്ലോക്ക് പഞ്ചായത്ത്

i) മികച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ തെരെഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിന് വികസനഫണ്ടിന്റെ 70% ചെലവഴിച്ചിരിക്കണം. (ജനറൽ/എസ്.സി./റ്റി.എസ്.പി. എന്നീ എല്ലാ വിഭാഗങ്ങളിലും) അല്ലാത്ത അപേക്ഷകർ പരിഗണിക്കേണ്ടതില്ല.

ii) 2011-12 സാമ്പത്തിക വർഷം വരെയുള്ള എ.എഫ്.എസ്. സമർപ്പിച്ചിരിക്കണം.

iii) മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 70% ചെലവഴിച്ചിരിക്കണം.

iv) നിർമ്മൽ പുരസ്കാരം കിട്ടിയിരിക്കണം അല്ലെങ്കിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.

1. പദ്ധതി വിഹിതം 81% മുതൽ 100% വരെ ചെലവാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ മാനദണ്ഡമനുസരിച്ച് പരമാവധി 10 മാർക്ക് നൽകേണ്ടതാണ്.
2. എസ്.സി.പി./റ്റി.എസ്.പി വിഹിതം ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾക്ക് എസ്.സി.പി. വിഹിതത്തിൽ ലഭിക്കുന്ന മാർക്കിന്റെ അനുപാതത്തിൽ മാർക്ക് നൽകേണ്ടതാണ്. 81% മുതൽ 100% വരെയുള്ള ചെലവിന് മുൻഖണ്ഡികയിലെ മാനദണ്ഡമനുസരിച്ച് മാർക്ക് നൽകുന്നതാണ്.
3. വനിതാഘടകപദ്ധതികൾ പൂർണ്ണമായി നടപ്പാക്കിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 മാർക്ക് നൽകേണ്ടതാണ്.(മുൻ മാനദണ്ഡമനുസരിച്ച്)
4. വികലാംഗക്ഷേമത്തിന് ചെലവഴിച്ച തുക 5% മുതൽ 7% വരെയാണെങ്കിൽ 2 മാർക്കും, 7%-നു മുകളിൽ 5 മാർക്കും നൽകേണ്ടതാണ്.
5. നൂതനപദ്ധതികൾ ആവഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5 മാർക്ക് നൽകേണ്ടതാണ്.
6. എസ്.ജി.എസ്.വൈ പദ്ധതിയുടെ ചെലവ് 91% മുതൽ 95% വരെ ഓരോശതമാനത്തിനും ഓരോ മാർക്ക് വീതവും 96% മുതൽ 100%വരെ ഓരോ ശതമാനത്തിനും 2 മാർക്ക് എന്ന ക്രമത്തിൽ പരമാവധി 15 മാർക്ക് നൽകേണ്ടതാണ്.
7. ഐ.എ.വൈ.ചെലവ് 91% മുതൽ 100%വരെ ഓരോ ശതമാനത്തിനും 2 മാർക്ക് വീതം പരമാവധി 20 മാർക്ക് നൽകേണ്ടതാണ്.

8. മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) ചെലവിന് താഴെ പറയും പ്രകാരം മാർക്ക് നൽകേണ്ടതാണ്.

80% - 85% - 1 മാർക്ക്

86%-90%=2 മാർക്ക്

91%-95%=3 മാർക്ക്

96%-99%=4 മാർക്ക്

100%- =5 മാർക്ക്

9. നിർമ്മൽ പുരസ്കാരം (5 മാർക്ക്)

നിർമ്മൽ പുരസ്കാരം നേടിയ ബ്ലോക്കുകൾ - 2 മാർക്ക്

നിർമ്മൽ പുരസ്കാരത്തിൽ ലഭിച്ച് ഫണ്ടിന്റെ വിനിയോഗം

70%-80%=1 മാർക്ക്

81%-90%=2 മാർക്ക്

91%-100%=3 മാർക്ക്

10. നിർബന്ധിതമായി ചെലവുചെയ്യേണ്ടതുകയിൽ കുറവു വന്നാൽ (ഉദാ: വനിത 10%, വൃദ്ധർ 5%)

ഓരോന്നിനും 1 മാർക്ക് വീതം കുറയ്ക്കേണ്ടതാണ്.

11. വ്വാർഷിക കണക്കുകൾ 31.07.2010-നകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ലെങ്കിൽ 3 മാർക്ക് കുറയ്ക്കേണ്ടതാണ്.

12. അംഗൻവാടി ഫീഡിംഗിന് ഗ്രാമപഞ്ചായത്തുകൾക്ക് മാച്ചിംഗ് ഷെയർ നൽകിയിട്ടില്ലെങ്കിൽ 5 മാർക്ക് കുറവുവരുത്തേണ്ടതാണ്.

13. സമ്പൂർണ്ണ ശുചീകരണത്തിന് മാച്ചിംഗ് ഷെയർ നൽകിയിട്ടില്ലെങ്കിൽ 5 മാർക്ക് കുറവു വരുത്തേണ്ടതാണ്.

14. 2011-12-ലെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡത്തിൽ 14 ഖണ്ഡികയായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടുത്തി 5 മാർക്ക് ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടതാണ്.

## III ജില്ലാപ ഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബാധകമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ ജില്ലാ പ ഞ്ചായത്തിന്റെ കാര്യത്തിലും നടപ്പിലാക്കേണ്ടതാണ്.

## IV മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ

ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ ഒഴികെയുള്ളവ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ബാധകമായിരിക്കും. കൂടാതെ താഴെ പറയുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

(i) വികസനത്തിനുള്ള ചെലവിന് 10% വരെ മാർക്കില്ല. 11% മുതൽ ഓരോശതമാനത്തിനും ഒരു മാർക്കുവീതം പരമാവധി 15 മാർക്ക് നൽകേണ്ടതാണ്.

(ii) കശാപ്പുശാലകൾ സ്ഥാപിച്ചിട്ടുള്ള മുനിസിപ്പാലിറ്റികൾക്ക്/കോർപ്പറേഷനുകൾക്ക് 5 മാർക്ക് നൽകേണ്ടതാണ്.

(iii) വീടുവീടാന്തരം മാലിന്യസംസ്കരണത്തിന് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 2 1/2 മാർക്കും, ശേഖരിച്ച ഖരമാലിന്യങ്ങൾ പൂർണ്ണമായി സംസ്കരിക്കാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 2 1/2 മാർക്കും നൽകേണ്ടതാണ്.

(iv) ആശ്രയ പദ്ധതിക്ക് പരമാവധി 5 മാർക്ക് നൽകേണ്ടതാണ്.

(v) നൂതന പദ്ധതിക്ക് പരമാവധി 5 മാർക്ക് നൽകണം.